# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 13.11.2025**

### പ്രധാനവാർത്തകൾ

1) ഡൽഹി സ്ഫോടനത്തിൽ സ്ഫോടകവസ്തുക്കൾ നിറച്ച കാർ ഓടിച്ച വ്യക്തിയെ തിരിച്ചറിഞ്ഞു; സ്ഥിരീകരണം ഡി.എൻ.എ പരിശോധനയിലൂടെ; രാജ്യതലസ്ഥാനത്ത് ജാഗ്രത കർശനം.
2) പ്രോജക്ട് ചീറ്റയുടെ ഭാഗമായി ഇന്ത്യയ്ക്ക് എട്ട് ചീറ്റപ്പുലികളെ കൈമാറാനൊരുങ്ങി ബോട്സ്വാന; തീരുമാനം രാഷ്ട്രപതി ദ്രൗപദി മുർമുവും ബോട്സ്വാന പ്രസിഡൻറും തമ്മിൽ നടന്ന ചർച്ചയെ തുടർന്ന്.
3) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറത്തിറക്കും; നാളെ മുതൽ നാമനിർദേശപത്രിക സമർപ്പിക്കാം.
4) ബീഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം അറിയാൻ ഒരു നാൾ കൂടി; വോട്ടെണ്ണൽ നാളെ; ഒരുക്കങ്ങൾ പൂർത്തിയായി.
5) സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
6) ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ ആരംഭിക്കും.

****************************************

RNU TVPM

## ഡൽഹി - സ്ഫോടനം

ഡൽഹി സ്ഫോടനത്തിൽ സ്ഫോടകവസ്തുക്കൾ നിറച്ച കാർ ഓടിച്ച വ്യക്തിയെ തിരിച്ചറിഞ്ഞു. സ്ഫോടകവസ്തുക്കൾ നിറച്ച ഹ്യുണ്ടായ് ഐ - 20 കാർ ഓടിച്ചത് ഡോക്ടർ ഉമർ നബി മുഹമ്മദാണ് എന്ന് ഡിഎൻഎ പരിശോധനയിലൂടെയാണ് സ്ഥിരീകരിച്ചത്.
സ്ഫോടന സ്ഥലത്തു നിന്നു ലഭിച്ച ശരീരാവശിഷ്ടങ്ങൾ ഉമറിൻറെ കുടുംബവുമായി
യോജിക്കുന്നതാണെന്നു ഡിഎൻഎ
പരിശോധനയിലൂടെ കണ്ടെത്തി . സ്ഫോടനത്തിന് 11 ദിവസം മുമ്പ് ഇയാൾ കാർ വാങ്ങിയതായും സ്ഥിരീകരിച്ചിട്ടുണ്ട്. ഉമറിന് തീവ്രവാദ ബന്ധം ഉണ്ടെന്നായിരുന്നു ഡൽഹി പോലീസ് റിപ്പോർട്ട്. സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്ത് കർശന ജാഗ്രത തുടരുകയാണ്. പ്രധാന വിമാനത്താവളങ്ങൾ, റെയിൽവെ സ്റ്റേഷൻ, പൊതുയിടങ്ങൾ തുടങ്ങി എല്ലായിടത്തും പരിശോധന ശക്തമാക്കിയിട്ടുണ്ട്. ചുവപ്പുകോട്ടയിൽ ഇന്നും പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കില്ല. ദേശീയ അന്വേഷണ ഏജൻസി അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

RNU TVPM

***************************************

## മന്ത്രിസഭാ യോഗം

ഡൽഹി കാർ സ്ഫോടനത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ വിയോഗത്തിൽ അഗാധ ദുഃഖം രേഖപ്പെടുത്തി കേന്ദ്ര മന്ത്രിസഭാ യോഗം. ഭീകവാദത്തോട് വിട്ടുവീഴ്ചയില്ലാത്ത നയമാണ് ഇന്ത്യക്കുള്ളതെന്നും ജനങ്ങളുടെ സുരക്ഷയാണ് സർക്കാരിൻറെ പ്രഥമ പരിഗണനയെന്നും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.

************************************

<u>രാഷ്ട്രപതി -ബോട്സ്വാന</u>

പ്രോജക്ട് ചീറ്റയുടെ ഭാഗമായി ഇന്ത്യയ്ക്ക് എട്ട് ചീറ്റപ്പുലികളെ കൈമാറാനൊരുങ്ങി ബോട്സ്വാന. ഇന്ന് ബോട്സ്വാനയിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ സാന്നിധ്യത്തിൽ ചീറ്റകളുടെ കൈമാറ്റം നടക്കും. ഇന്നലെ ശ്രീമതി മുർമു പ്രസിഡന്റ് ഡുമ ബോക്കോയുമായി നടത്തിയ ഉഭയകക്ഷി ചർച്ചയിലാണ് തീരുമാനം. ബോട്സ്വാനയിലെ ഇന്ത്യൻ സമൂഹവുമായും ഇന്ന് രാഷ്ട്രപതി സംവദിക്കും.

************************************

<u>തദ്ദേശ തിരഞ്ഞെടുപ്പ് -വിജ്ഞാപനം (ഇൻട്രോ)</u>

RNU TVPM

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറത്തിറക്കും. നാളെ മുതൽ നാമനിർദേശപത്രിക സമർപ്പിക്കാം. രാവിലെ 11 നും വൈകുന്നേരം 3 നും ഇടയിലാണ് നാമനിർദേശ പത്രിക സമർപ്പിക്കേണ്ടത്. നാമ നിർദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. അടുത്ത മാസം 9,11 തീയതികളിലായി രണ്ട് ഘട്ടമായാണ് സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....

(വോയിസ്)

************************************

## കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ രാജ്യത്താകെ 37 കോടി എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട ആകെ 51 കോടി വോട്ടർമാരുടെ 70 ശതമാനമാണിത്. അടുത്ത മാസം 4 വരെയാണ് രണ്ടാം ഘട്ടം. കേരളത്തിൽ എന്യൂമെറേഷൻ ഫോം വിതരണം ഒൻപത് ദിവസം പിന്നിട്ടപ്പോൾ 1 കോടി 52 ലക്ഷത്തി 84,874 പേർക്കാണ് ഫോം നൽകിയത്.

*************************************

## എന്യൂമറേഷൻ ഫോം - പരിശോധന

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ എന്യൂമറേഷൻ ഫോം വിതരണം ജില്ല കളക്ടർ പരിശോധിച്ചു. ഫോം വിതരണം മന്ദഗതിയിലാണെന്ന് കണ്ടെത്തിയ ബൂത്തുകളിലാണ് പരിശോധന നടത്തിയത്. ഫോം വിതരണം വേഗത്തിലാക്കാൻ ഉദ്യോഗസ്ഥർക്കും ബി.എൽ.ഓ മാർക്കും കളക്ടർ നിർദ്ദേശം നൽകി.

PRD TVPM

*************************************

## ബീഹാർ തിരഞ്ഞെടുപ്പ്

ബീഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ നടക്കും. 38 ജില്ലകളിലായി 46 കേന്ദ്രങ്ങളിൽ രാവിലെ 8 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. ബീഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പിൽ പോളിംഗിന് ഉപയോഗിച്ച ഇ.വി.എമ്മുകളും വി.വി.പാറ്റുകളും സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരിക്കുകയാണ്. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ സി.ആർ.പി.എഫും പോലീസും കർശന സുരക്ഷാ

ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ സ്ട്രോംഗ് റൂം പരിസരത്തും കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്. ഫോം 17 സിയും ഇ.വി.എം ഡാറ്റയും തമ്മിൽ പൊരുത്തക്കേട് ഉണ്ടായാൽ വി.വി.പാറ്റ് എണ്ണുന്നത് നിർബന്ധമാക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

***************************************

## വേസ്റ്റ് വാട്ടർ ഇന്റലിജൻസ് സിസ്റ്റം

നിർമിത ബുദ്ധി സാങ്കേതികവിദ്യയുടെ സഹായത്തോടെ മലിനജല സംസ്കരണം കാര്യക്ഷമമാക്കാൻ വേസ്റ്റ് വാട്ടർ ഇന്റലിജൻസ് സിസ്റ്റവുമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളം. വിമാനത്താവളത്തിലെ മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കാനുള്ള പ്ലാന്റിന്റെ ശേഷി വർധിപ്പിക്കാൻ ഓട്ടോമേഷൻ, റിയൽ ടൈം ഡേറ്റ അനലിറ്റിക്സ് എന്നിവയാണ് പ്രയോജനപ്പെടുത്തുന്നത്.

***************************************

## ശബരിമല (ഇൻട്രോ)

മണ്ഡല മകരവിളക്ക് തീർഥാടനകാലത്തിനായി ശബരിമല നടതുറക്കാൻ ഇനി രണ്ടു നാൾ മാത്രം ബാക്കി.14 ദിവസത്തേയ്ക്കുള്ള വെർച്വൽ ക്യൂ ബുക്കിംഗ് പൂർത്തീകരിച്ചു,

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ.........**

(വോയിസ്)

***************************************

RNUTVPM

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

**************************************

## മാനന്തവാടി ഫെസ്റ്റ് (ഇൻട്രോ)

മാനന്തവാടിക്കിനി രണ്ടാഴ്ച് ഉത്സവ നാളുകൾ. മാനന്തവാടി മെർച്ചൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ ആരംഭിച്ച മാനന്തവാടി ഫെസ്റ്റിന് മാനന്തവാടി മൈസൂർ റോഡിലെ കല്ലാട്ട് മാളിന് സമീപം തുടക്കമായി. ഫെസ്റ്റിൻ്റെ ഉദ്ഘാടനം മന്ത്രി ഒ.ആർ.കേളു നിർവഹിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി **അരുൺ വിൻസെന്റ്.....**

(വോയിസ്)

RNU TVPM

**************************************

## കുടിശിക നിവാരണം

തൊഴിലാളികൾക്ക് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം പുനഃസ്ഥാപിക്കുന്നതിന് മൂന്നു മാസത്തെ സമയം അനുവദിച്ചു. ബോർഡിൽ അംഗമായിരിക്കെ അംശാദായം അടയ്ക്കുന്നതിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ട തൊഴിലാളികൾക്കാണ് അംഗത്വം പുന:സ്ഥാപിക്കാൻ അവസരമൊരുങ്ങുന്നത്. 60 വയസ്സ് പൂർത്തിയായ തൊഴിലാളികൾക്ക് അവസരം ഉണ്ടായിരിക്കില്ല.

**************************************

## ലോകാരോഗ്യ സംഘടന

കഴിഞ്ഞ ദശകത്തിൽ ഇന്ത്യയിലെ ആകെ ക്ഷയരോഗക്കേസുകളുടെ എണ്ണം 21 ശതമാനം കുറഞ്ഞതായി ലോകാരോഗ്യ സംഘടന. ഗ്ലോബൽ ടി.ബി റിപ്പോർട്ട് അനുസരിച്ച്, രാജ്യത്തെ ക്ഷയരോഗികളുടെ എണ്ണം ഒരു ലക്ഷത്തിൽ 237 ആയിരുന്നത് ഒരു ലക്ഷത്തിൽ 187 ആയ് കുറഞ്ഞു. ക്ഷയരോഗ ബാധിതരെ കണ്ടെത്തുന്നതിലും ചികിത്സ ലഭ്യമാക്കുന്നതിനും രാജ്യം വലിയ പുരോഗതി കൈവരിച്ചതായി കണക്കുകളെ ഉദ്ധരിച്ച് കേന്ദ്ര ആരോഗ്യമന്ത്രാലയം പറഞ്ഞു.

**************************************

## വി.ശിവൻകുട്ടി

ദേശീയ തൊഴിൽ മന്ത്രിമാരുടെ സമ്മേളനത്തിൽ തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളിലും തൊഴിൽ നിയമ പരിഷ്കാരങ്ങളിലും കേരളം കൈവരിച്ച സുപ്രധാന നേട്ടങ്ങൾ അവതരിപ്പിച്ചതായി മന്ത്രി വി ശിവൻകുട്ടി. കേന്ദ്ര തൊഴിൽ മന്ത്രി മൻസൂഖ് മാണ്ഡവ്യയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സാമൂഹിക നീതിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള കേരളത്തിന്റെ നിയമനിർമ്മാണ പരിഷ്കാരങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും വിശദീകരിച്ചതായും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

**************************************

## ക്രിക്കറ്റ്

ഇന്ത്യ-ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ ആരംഭിക്കും. കൊൽക്കത്തയിലെ ഈഡൻ

ഗാർഡൻസിൽ ഇന്ത്യൻ സമയം രാവിലെ 9.30 നാണ് മത്സരം. രണ്ടാമത്തെയും അവസാനത്തെയും മത്സരം നവംബർ 22 മുതൽ 26 വരെ ഗുവാഹത്തിയിൽ നടക്കും.

**************************************

**<u>മുറജപം- ശ്രീപത്മനാഭ സ്വാമി ക്ഷേത്രം</u>**

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ ആറുകൊല്ലത്തിലൊരിക്കൽ നടക്കുന്ന മുറജപം ഈ മാസം 20 ന് തുടങ്ങും. എട്ടുദിവസം ഏഴു മുറകളിലായി 56 ദിവസം നീളുന്നതാണ് മുറജപം. മുറജപത്തിന്റെ സമാപനമായി ലക്ഷദീപം നടക്കും. ഇക്കുറി മകരസംക്രാന്തിദിനമായ ജനുവരി 14-നാണ് ലക്ഷദീപം.

RNUTVPM

**************************************

**<u>കെജിഎംസിടിഎ- പ്രതിഷേധം</u>**

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻറെ നേതൃത്വത്തിൽ കോഴിക്കോട് ഡോക്ടർമാരുടെ പ്രതിഷേധം തുടരുന്നു. അടിയന്തിര ചികിത്സ ഒഴികെയുള്ള എല്ലാ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുകയാണ്. സമരം ചെയുന്ന ഡോക്ടർമാർ പ്രകടനവും പ്രതിഷേധ യോഗവും നടത്തി.

**************************************

**<u>വന്ദേ മാതരം</u>**

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-◌ാ◌ം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് രാജ്യത്തുടനീളം വിവിധ

പരിപാടികൾ പുരോഗമിക്കുന്നു. വന്ദേമാതരം എന്ന ശക്തമായ ആഹ്വാനം ജനങ്ങളുടെ ശബ്ദങ്ങളിൽ മാത്രമല്ല മുഴങ്ങിയത്, മറിച്ച്, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പ്രതീകങ്ങളിലും അത് പ്രതിഫലിച്ചു. ദേശീയ പതാകയുടെ ആദ്യകാല പതിപ്പുകളിൽ പലതിലും വന്ദേമാതരം ആലേഖനം ചെയ്തിരുന്നു.

**************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 299 പോയിന്റ് ഉയർന്ന് 84,765 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 83 പോയിന്റ് നേട്ടത്തിൽ 25,960 ലും വ്യാപാരം തുടരുന്നു. സ്വർണവില കൂടി. പവന് 1,680 രൂപ വർധിച്ച് 93,720 രൂപയും ഗ്രാമിന് 11,715 രൂപയുമാണ് ഇന്നത്തെ വില.

************************************************************************

******************************************

RNUTVPM